**മധുരമായ കുട്ടികളേ, ഞാൻ ആത്മാവാണ് എന്നത് പക്കാ നിശ്ചയം ചെയ്യൂ, ആത്മാവാണ് എന്ന് മനസ്സിലാക്കി ഏതൊരു കർമ്മവും ആരംഭിക്കു എങ്കിൽ ബാബയെ ഓർമ്മ വരും, പാപമുണ്ടാകില്ല.**

**ചോദ്യം-** കർമ്മാതീത അവസ്ഥ പ്രാപ്തമാക്കുന്നതിനായി ഓരോരുത്തരും ചെയ്യേണ്ട പരിശ്രമം എന്താണ്? കർമ്മാതീത സ്ഥിതിയുടെ സമീപതയുടെ അടയാളം എന്താണ്?
**ഉത്തരം-** കർമ്മാതീതമാകുന്നതിനായി ഓർമ്മയുടെ ബലത്തിലൂടെ തന്റെ കർമ്മേന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം. ഞാൻ നിരാകാരനായ ആത്മാവ് നിരാകാരനായ ബാബയുടെ സന്താനമാണ് എന്ന് അഭ്യാസം ചെയ്യൂ. സർവ്വ കർമ്മേന്ദ്രിയങ്ങളും നിർവ്വികാരിയായി മാറണം- ഇതാണ് ശക്തമായ പരിശ്രമം. എത്രയും കർമ്മാതീത അവസ്ഥയുടെ സമീപത്തെത്തുന്നുവോ അത്രയും ഓരോ അംഗങ്ങളും ശീതളവും സുഗന്ധമുള്ളതുമായി മാറും. വികാരീ വാസനകൾ അവരിൽ നിന്നും ഇല്ലാതാകും. അതീന്ദ്രിയസുഖത്തിന്റെ അനുഭവം ഉണ്ടായിക്കൊണ്ടിരിക്കും.

**ഓംശാന്തി**. ശിവഭഗവാൻ ഉച്ചരിക്കുകയാണ്. ആരെപ്രതിയാണ് പറയുന്നത് എന്ന് കുട്ടികളോട് പറയേണ്ടതില്ലല്ലോ. കുട്ടികൾക്ക് അറിയാം- ശിവബാബ ജ്ഞാനസാഗരനാണ്. മനുഷ്യ സൃഷ്ടിയുടെ ബീജരൂപമാണ്. അതിനാൽ തീർച്ചയായും ആത്മാക്കളോടായിരിക്കും സംസാരിക്കുന്നത്. കുട്ടികൾക്ക് അറിയാം ശിവബാബ പഠിപ്പിക്കുകയാണ്. ബാബാ എന്ന് വിളിക്കുമ്പോൾ മനസ്സിലാകും പരമാത്മാവിനെത്തന്നെയാണ് ബാബാ എന്ന് വിളിക്കുന്നത്. സർവ്വ മനുഷ്യരും പരമാത്മാവിനെത്തന്നെയാണ് അച്ഛൻ എന്നു വിളിക്കുന്നത്! ബാബ പരമധാമത്തിലാണ് ഇരിക്കുന്നത്. ആദ്യമാദ്യം ഈ കാര്യങ്ങൾ പക്കയാക്കണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം പിന്നീട് ഇത് പക്കാ നിശ്ചയം ചെയ്യണം. ബാബ എന്താണോ കേൾപ്പിക്കുന്നത്, അത് ആത്മാവുതന്നെയാണ് ധാരണ ചെയ്യുന്നത്. പരമാത്മാവിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അത് ആത്മാവിലും ഉണ്ടാകണം. അത് പിന്നീട് മുഖത്തിലൂടെ വർണ്ണിക്കണം. എന്ത് പഠിപ്പ് പഠിക്കുകയാണെങ്കിലും, അത് ആത്മാവാണ് പഠിക്കുന്നത്. ആത്മാവ് വിട്ടുപോയാൽ പിന്നെ പഠിച്ചത് ഒന്നും തന്നെ ഓർമ്മ ഉണ്ടാകില്ല. ആത്മാവ് സംസ്ക്കാരം കൊണ്ടുപോയി, ചെന്ന് അടുത്ത ശരീരത്തിൽ പോയിരിക്കും. അതിനാൽ ആദ്യം സ്വയം ആത്മാവാണ് എന്ന കാര്യം പക്കാ പക്കാ നിശ്ചയം ചെയ്യണം. ദേഹാഭിമാനത്തെ ഇപ്പോൾ ഉപേക്ഷിക്കണം. ആത്മാവാണ് കേൾക്കുന്നത്, ആത്മാവ് തന്നെയാണ് ധാരണ ചെയ്യുന്നത്. ആത്മാവ് ഇതിൽ ഇല്ലെങ്കിൽ ശരീരത്തിന് ഒന്ന് ഇളകാൻ പോലും സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇത് പക്കാ നിശ്ചയം ചെയ്യണം- പരമാത്മാവ് നമ്മൾ ആത്മാക്കൾക്ക് ജ്ഞാനം നൽകുകയാണ്. നമ്മൾ ആത്മാക്കളും ഈ ശരീരത്തിലൂടെയാണ് കേൾക്കുന്നത് അതുപോലെ പരമാത്മാവും ശരീരത്തിലൂടെയാണ് കേൾപ്പിക്കുന്നത്- ഇത് മിനിറ്റിന് മിനിറ്റിന് മറന്നുപോകുന്നു. ദേഹത്തെ ഓർമ്മ വരുന്നു. ഇതും അറിയാം നല്ലതും മോശവുമായ സംസ്ക്കാരങ്ങൾ ആത്മാവിൽത്തന്നെയാണുള്ളത്. മദ്യം കഴിക്കുക, മോശമായ കാര്യങ്ങൾ സംസാരിക്കുക... ഇതും ആത്മാവാണ് കർമ്മേന്ദ്രിയങ്ങളിലൂടെ ചെയ്യുന്നത്. ആത്മാവുതന്നെയാണ് കർമ്മേന്ദ്രിയങ്ങളിലൂടെ ഇത്രയും പാർട്ടുകൾ അഭിനയിക്കുന്നത്. ആദ്യമാദ്യം ആത്മാഭിമാനിയായി തീർച്ചയായും മാറണം. ബാബ ആത്മാക്കളെത്തന്നെയാണ് പഠിപ്പിക്കുന്നത്. ആത്മാവുതന്നെയാണ് പിന്നീട് ഈ ജ്ഞാനത്തെ കൂടെക്കൊണ്ടുപോകുന്നത്. എങ്ങനെയാണോ പരമാത്മാവ് അവിടെ ജ്ഞാനസഹിതം ഇരിക്കുന്നത് അതുപോലെ നിങ്ങൾ ആത്മാക്കളും ജ്ഞാനത്തെ കൂടെക്കൊണ്ടുപോകും. ഞാൻ നിങ്ങൾ കുട്ടികളെ ഈ ജ്ഞാനസഹിതമാണ് കൊണ്ടുപോകുന്നത്. പിന്നീട് നിങ്ങൾ കുട്ടികൾക്ക് പാർട്ടിലേയ്ക്ക് വരണം, നിങ്ങളുടെ പാർട്ട് പുതിയ ലോകത്തിൽ പ്രാലബ്ധം അനുഭവിക്കുക എന്നതാണ്. ജ്ഞാനത്തെ മറക്കും. ഇതെല്ലാം നല്ലരീതിയിൽ ധാരണ ചെയ്യണം. ആദ്യമാദ്യം ഇത് നല്ലരീതിയിൽ പക്കാ നിശ്ചയം ചെയ്യണം അതായത് ഞാൻ ആത്മാവാണ്, ഇത് വളരെ അധികം പേർ മറന്നുപോകുന്നുണ്ട്. തനിക്കായി വളരെ അധികം പരിശ്രമം ചെയ്യണം. വിശ്വത്തിന്റെ അധികാരിയായി മാറണമെങ്കിൽ അത് പരിശ്രമമില്ലാതെ നടക്കുമോ. മിനിറ്റിന് മിനിറ്റിന് ഈ പോയിന്റ് തന്നെയാണ് മറക്കുന്നത് എന്തുകൊണ്ടെന്നാൽ ഇത് പുതിയ ജ്ഞാനമാണ്. എപ്പോഴാണോ സ്വയം ആത്മാവാണ് എന്നത് മറന്ന് ദേഹബോധത്തിലേയ്ക്ക് വരുന്നത് അപ്പോഴാണ് എന്തെങ്കിലും തെറ്റുകൾ സംഭവിക്കുന്നത്. ദേഹീ അഭിമാനിയായി മാറുകയാണെങ്കിൽ ഒരിയ്ക്കലും ഒരു പാപവും ഉണ്ടാകില്ല. പാപം ഇല്ലാതാകും. പിന്നീട് അരകല്പത്തിലേയ്ക്ക് ഒരു പാപവുമുണ്ടാകില്ല. അതിനാൽ ഈ നിശ്ചയം വെയ്ക്കണം- നമ്മൾ ആത്മാക്കളാണ് പഠിക്കുന്നത്, ദേഹമല്ല. മുമ്പ് പരിധിയുള്ള മനുഷ്യരുടെ മതമാണ് ലഭിച്ചിരുന്നത്, ഇപ്പോൾ ബാബ ശ്രീമതം നൽകുകയാണ്. ഇത് പുതിയ ലോകത്തിലേയ്ക്കായുള്ള തീർത്തും പുതിയ ജ്ഞാനമാണ്. നിങ്ങൾ എല്ലാവരും പുതിയതായി മാറും, ഇതിൽ സംശയിക്കേണ്ട കാര്യ

മില്ല. അനേകാനേകം തവണ നിങ്ങൾ പഴയതിൽ നിന്നും പുതിയതും, പുതിയതിൽ നിന്നും പഴയതും ആയിട്ടുണ്ട്, അതിനാൽ വളരെ നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യണം.

ഞാൻ ആത്മാവ് കർമ്മേന്ദ്രിയങ്ങളിലൂടെ ഈ കർമ്മങ്ങൾ ചെയ്യുകയാണ്. ഓഫീസിലും സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി കർമ്മേന്ദ്രിയങ്ങളിലൂടെ ജോലികൾ ചെയ്തുകൊണ്ടിരുന്നാൽ തീർച്ചയായും പഠിപ്പിച്ചുതരുന്ന ബാബയുടെ ഓർമ്മയുണ്ടാകും. ആത്മാവുതന്നെയാണ് ബാബയെ ഓർമ്മിക്കുന്നത്. ഞാൻ ഭഗവാനെ ഓർമ്മിക്കുകയാണ് എന്ന് മുമ്പും പറയുമായിരുന്നു. പക്ഷേ സ്വയം സാകാരിയാണ് എന്ന് മനസ്സിലാക്കിയാണ് നിരാകാരനെ ഓർമ്മിച്ചിരുന്നത്. സ്വയം നിരാകാരനാണ് എന്ന് മനസ്സിലാക്കി ഒരിയ്ക്കലും നിരാകാരനെ ഓർമ്മിച്ചിരുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് സ്വയം നിരാകാരനാണ് എന്ന് മനസ്സിലാക്കി നിരാകാരനായ അച്ഛനെ ഓർമ്മിക്കണം. ഇത് വിചാര സാഗര മഥനം ചെയ്യുന്നതിനുള്ള വലിയ കാര്യമാണ്. ചിലർ എഴുതാറുണ്ട്– ഞാൻ 2 മണിക്കൂർ ഓർമ്മയിൽ ഇരിക്കുന്നുണ്ട്. ചിലർ പറയുന്നു ഞാൻ സദാ ശിവ ബാബയുടെ ഓർമ്മയിലാണ് ഇരിക്കുന്നത്. പക്ഷേ ഇങ്ങനെ സദാസമയം ഓർമ്മിക്കാൻ ആർക്കും കഴിയില്ല. അഥവാ ഇങ്ങനെ ഓർമ്മിക്കുന്നുണ്ടെങ്കിൽ മുമ്പേ തന്നെ കർമ്മാതീത അവസ്ഥയിൽ എത്തിയേനേ. കർമ്മാതീത അവസ്ഥ വളരെ ശക്തിശാലിയായ പരിശ്രമത്തിലൂടെയാണ് ഉണ്ടാകുന്നത്. ഇതിലൂടെ മുഴുവൻ വികാരീ കർമ്മേന്ദ്രിയങ്ങളും വശത്താകുന്നു. സത്യയുഗത്തിൽ എല്ലാ കർമ്മേന്ദ്രിയങ്ങളും നിർവ്വികാരിയായി മാറുന്നു. ഓരോ അംഗങ്ങളും സുഗന്ധമുള്ളതായി മാറുന്നു. ഇപ്പോൾ ദുർഗന്ധമുള്ള മോശമായ അംഗങ്ങളാണ്. സത്യയുഗത്തിലേത് വളരെ നല്ല മഹിമകളാണ്. അതിനെ പറയുന്നത് സ്വർഗ്ഗം പുതിയ ലോകം വൈകുണ്ഠം എന്നാണ്. അവിടെയുള്ള സവിശേഷതകൾ, കിരീടം എന്നിവ ഇവിടെ ആർക്കും നിർമ്മിക്കാൻ സാധിക്കില്ല. നിങ്ങൾ അവിടെച്ചെന്ന് കണ്ടിട്ടു വരുന്നുണ്ട്. പക്ഷേ അത് ഇവിടെ നിർമ്മിക്കാൻ സാധിക്കില്ല. അവിടെ പ്രകൃതിദത്തമായ ശോഭയായിരിക്കും അതിനാൽ നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഓർമ്മയിലൂടെതന്നെ പാവനമായി മാറണം. ഓർമ്മയുടെ യാത്ര വളരെ അധികം ചെയ്യണം. ഇതിൽ വളരെ വലിയ പരിശ്രമമുണ്ട്. ഓർമ്മിച്ച് ഓർമ്മിച്ച് കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കിയാൽ മുഴുവൻ കർമ്മേന്ദ്രിയങ്ങളും ശീതളമാകും. അംഗ അംഗങ്ങൾ സുഗന്ധമുള്ളതായി മാറും, ദുർഗന്ധം പിന്നീട് ഉണ്ടാകില്ല. ഇപ്പോഴാണെങ്കിൽ മുഴുവൻ കർമ്മേന്ദ്രിയങ്ങളിലും ദുർഗന്ധമാണ്. ഈ ശരീരംകൊണ്ട് ഒരു ഉപകാരവുമില്ല. നിങ്ങളുടെ ആത്മാവ് ഇപ്പോൾ പവിത്രമായി മാറുകയാണ്. ശരീരം പവിത്രമാകില്ല. നിങ്ങൾക്ക് എപ്പോഴാണോ പുതിയ ശരീരം ലഭിക്കുന്നത് അപ്പോഴേ ശരീരം പവിത്രമാകൂ. അംഗ അംഗങ്ങളിൽ നിന്ന് സുഗന്ധം വരും– ഈ മഹിമ ദേവതകളുടേതാണ്. നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകണം. ബാബ വന്നിരിക്കുകയാണ് അതിനാൽ സന്തോഷത്തിന്റെ അതിര് കവിയണം.

ബാബ പറയുന്നു കുട്ടികളേ എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ഗീതയിലെ വാക്കുകൾ എത്ര വ്യക്തമാണ്. ബാബ പറഞ്ഞിട്ടുമുണ്ട്– ആരാണോ എന്റെ ഭക്തർ, ഗീത പഠിക്കുന്നവർ അവർ തീർച്ചയായും കൃഷ്ണന്റെ പൂജാരികളായിരിക്കും. അതിനാലാണ് ബാബ പറയുന്നത് ദേവതകളുടെ പൂജാരിമാർക്ക് ചെന്ന് പറഞ്ഞുകൊടുക്കൂ. മനുഷ്യർ ശിവന്റെ പൂജ ചെയ്യുന്നു എന്നിട്ട് സർവ്വവ്യാപി എന്നും പറയുന്നു . ഗ്ലാനി ചെയ്തിട്ടും ദിവസവും ക്ഷേത്രത്തിലേയ്ക്ക് പോകുന്നു. ശിവക്ഷേത്രത്തിലേയ്ക്ക് അനേകംപേർ പോകുന്നുണ്ട്. വളരെ ഉയർന്ന പടികൾ കയറി മുകളിലേയ്ക്ക് പോകുന്നു, ശിവ ക്ഷേത്രങ്ങൾ മുകളിലാണ് നിർമ്മിക്കാറ്. ശിവബാബയും വന്ന് ഏണിപ്പടിയല്ലേ പറഞ്ഞുതരുന്നത്. ബാബയുടെ പേരും ഉയർന്നതാണ് സ്ഥാനവും ഉയർന്നതാണ്. എത്ര മുകളിലേയ്ക്ക് പോകുന്നു. ബദ്രിനാഥ്, അമർനാഥ് എന്നിവിടങ്ങളിൽ ശിവന്റെ ക്ഷേത്രങ്ങളുണ്ട്. മുകളിലേയ്ക്ക് ഉയർത്തുന്നവരാണ് അതിനാലാണ് ബാബയുടെ ക്ഷേത്രങ്ങളും മുകളിൽ നിർമ്മിക്കുന്നത്. ഇവിടെ ഗുരു ശിഖർ എന്ന ക്ഷേത്രവും വളരെ ഉയരത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. ഉയർന്നതിലും ഉയർന്ന ബാബയാണ് ഇരുന്ന് നിങ്ങളെ പഠിപ്പിക്കുന്നത്. ശിവബാബ വന്ന് പഠിപ്പിക്കുകയാണ് എന്നത് ലോകത്തിലെ മറ്റാർക്കും അറിയില്ല. അവർ സർവ്വവ്യാപി എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്കുമുന്നിൽ ലക്ഷ്യവും ഉണ്ട്. ഇത് നിങ്ങളുടെ ലക്ഷ്യമാണ് എന്ന് ബാബയല്ലാതെ മറ്റാരെങ്കിലും പറയുമോ. ഇത് ബാബതന്നെയാണ് നിങ്ങളോട് പറയുന്നത്. നിങ്ങൾ കേൾക്കുന്നത് സത്യനാരായണന്റെ കഥയാണ്. അവരാണെങ്കിൽ എന്താണോ കഴിഞ്ഞുപോയത് അതിനെയാണ് ഇരുന്ന് കഥയായി പറയുന്നത് മുമ്പ് എന്ത് എന്തെല്ലാം സംഭവിച്ചുവെന്ന് പറയുന്നു. ഇതിനെയാണ് കഥ എന്നു പറയുന്നത്. ഇവിടെ ഉയർന്നതിലും ഉയർന്ന ബാബ ഏറ്റവും വലിയ കഥ കേൾപ്പിക്കുകയാണ്. ഈ കഥ നിങ്ങളെ വളരെ ഉയർന്നതാക്കി മാറ്റുന്നതാണ്. ഈ കഥ സദാ ഓർമ്മയുണ്ടായിരിക്കണം മാത്രമല്ല മറ്റുള്ളവരെ കേൾപ്പിക്കുകയും വേണം. കഥ കേൾപ്പിക്കാനായി നിങ്ങൾ പ്രദർശിനി അഥവാ മ്യൂസിയം തുറക്കുന്നു. 5000 വർഷങ്ങൾക്ക് മുമ്പ് ഭാരതം തന്നെയായിരുന്നു ഉണ്ടായിരുന്നത്, അതിൽ ദേവതകൾ രാജ്യം ഭരിച്ചിരുന്നു. ഇതാണ് സത്യം സത്യമായ കഥ, ഇത് മറ്റാർക്കും പറഞ്ഞുതരാൻ

കഴിയില്ല. ഇത് സത്യമായ കഥയാണ് ഇത് സ്വയം ചൈതന്യ വൃക്ഷപതിയായ ബാബയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്, ഇതിലൂടെയാണ് നിങ്ങൾ ദേവതയായി മാറുന്നത്. ഇതിൽ പവിത്രത മുഖ്യമാണ്. പവിത്രമായി മാറിയില്ലെങ്കിൽ ധാരണയുണ്ടാകില്ല. സിംഹിണിയുടെ പാൽ സൂക്ഷിക്കാൻ സ്വർണ്ണപാത്രം തന്നെ വേണം, അപ്പോഴേ ധാരണയുണ്ടാകൂ. ഈ കാതുകൾ പാത്രം പോലെയല്ലേ. ഇത് സ്വർണ്ണപാത്രമായിരിക്കണം. ഇപ്പോൾ കല്ലിന്റേതാണ്. സ്വർണ്ണത്തിന്റേതായി മാറണം അപ്പോഴേ ധാരണ ചെയ്യാൻ സാധിക്കൂ. വളരെ ശ്രദ്ധയോടെ കേൾക്കുകയും ധാരണ ചെയ്യുകയും വേണം. ഗീതയിൽ എഴുതിവെച്ചിരിക്കുന്ന കഥകൾ വളരെ സഹജമാണ്. ആ കഥകൾ കേൾപ്പിച്ച് പണം സമ്പാദിക്കുന്നു. കേൾക്കുന്നവരിൽ നിന്നും അവർക്ക് സമ്പാദ്യം ഉണ്ടാകുന്നു. ഇവിടെ നിങ്ങൾക്കും സമ്പാദ്യമുണ്ട്. രണ്ടുതരത്തിലുള്ള സമ്പാദ്യവും നടന്നുകൊണ്ടിരിക്കുന്നു. രണ്ടും വ്യാപാരമാണ്. പഠിപ്പിക്കുന്നുമുണ്ട്. പറയുന്നു മന്മനാഭവയാകൂ, പവിത്രമായി മാറൂ. ഇങ്ങനെ മറ്റാരും പറയുകയുമില്ല, മന്മനാഭവയായി ഇരിക്കുകയുമില്ല. ഒരു മനുഷ്യനും ഇവിടെ പവിത്രമായിരിക്കില്ല എന്തുകൊണ്ടെന്നാൽ ഭ്രഷ്ടാചാരത്തിലൂടെ ജന്മമെടുത്തവരാണ്. രാവണരാജ്യം കലിയുഗത്തിന്റെ അന്ത്യം വരെ ഉണ്ടാകും, അതിൽ പാവനമായി മാറണം. പാവനമെന്ന് പറയുന്നത് ദേവതകളേയാണ്, അല്ലാതെ മനുഷ്യരെയല്ല. സന്യാസിമാരും മനുഷ്യരാണ്, അവരുടേത് നിവൃത്തി മാർഗ്ഗത്തിന്റെ ധർമ്മമാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ പവിത്രമായി മാറും. ഭാരതത്തിൽ പ്രവൃത്തി മാർഗ്ഗത്തിലുള്ള രാജ്യമാണ് നടന്നുവന്നത്. നിവൃത്തി മാർഗ്ഗത്തിലുള്ളവരുമായി നിങ്ങൾക്ക് ഒരു ബന്ധവുമില്ല. ഇവിടെ സ്ത്രീയും-പുരുഷനും രണ്ടുപേർക്കും പവിത്രമായി മാറണം. രണ്ട് ചക്രങ്ങളും മുന്നോട്ട് പോവുകയാണെങ്കിൽ നന്നായിരിക്കും, ഇല്ലെങ്കിൽ വഴക്കുണ്ടാകും. പവിത്രതയുടെ പേരിലാണ് വഴക്കുണ്ടാകുന്നത്. മറ്റേതെങ്കിലും സത്സംഗങ്ങളിൽ പവിത്രതയുടെ പേരിൽ ബഹളമുണ്ടായതായി കേട്ടിട്ടുണ്ടാകില്ല. ഒരേയൊരു തവണ എപ്പോഴാണോ ബാബ വരുന്നത് അപ്പോഴാണ് ബഹളം ഉണ്ടാകുന്നത്. അബലകൾക്കുമേൽ അത്യാചാരം ഉണ്ടാകും എന്ന് എപ്പോഴെങ്കിലും ഏതെങ്കിലും സാധു സന്യാസിമാർ പറയാറുണ്ടോ! ഇവിടെ പെൺകുട്ടികൾ വിളിക്കുന്നു ബാബാ ഞങ്ങളെ രക്ഷിക്കൂ എന്ന് പറഞ്ഞ്. ബാബയും ചോദിക്കുന്നു നിങ്ങൾ വിവസ്ത്രരാകുന്നില്ലല്ലോ? എന്തുകൊണ്ടെന്നാൽ കാമം മഹാശത്രുവല്ലേ. തീർത്തും വീണുപോകുന്നു. ഈ കാമ വികാരം എല്ലാവരേയും ഒരു നയാപൈസയ്ക്ക് പോലും വിലയില്ലാത്തവരാക്കി മാറ്റി. ബാബ പറയുന്നു 63 ജന്മം നിങ്ങൾ വേശ്യാലയത്തിലാണിരിക്കുന്നത്, ഇപ്പോൾ പാവനമായി മാറി ശിവാലയത്തിലേയ്ക്ക് പോകണം. ഈ ഒരു ജന്മം പവിത്രമായിരിക്കൂ. ശിവബാബയെ ഓർമ്മിക്കുകയാണെങ്കിൽ ശിവാലയമാകുന്ന സ്വർഗ്ഗത്തിലേയ്ക്ക് പോകാം. എന്നിട്ടും കാമവികാരം എത്ര ശക്തിശാലിയാണ്. എത്ര ബുദ്ധിമുട്ടിക്കുന്നു, ആകർഷണമുണ്ടാകുന്നു. ആകർഷണത്തെ ഇല്ലാതാക്കണം. കാരണം ഇപ്പോൾ തിരിച്ചുപോകണമെങ്കിൽ തീർച്ചയായും പാവനമായി മാറണം. എപ്പോഴും ടീച്ചർക്ക് ഇരിക്കാൻ കഴിയുമോ. പഠിപ്പ് കുറച്ച് സമയമാണ് നടക്കുക. ബാബ പറഞ്ഞുതരികയാണ്. ഇത് എന്റെ രഥമല്ലേ. രഥത്തിന്റെ ആയുസ്സ് എന്ന് പറയാറുണ്ട്. ബാബ പറയുന്നു ഞാൻ സദാ അമരനാണ്, എന്റെ പേരുതന്നെ അമരനാഥൻ എന്നാണ്. പുനർജന്മം എടുക്കുന്നില്ല അതിനാലാണ് അമരനാഥൻ എന്നു വിളിക്കുന്നത്. നിങ്ങളെ അരകല്പത്തിലേയ്ക്ക് അമരന്മാരാക്കി മാറ്റുന്നു. വീണ്ടും നിങ്ങൾ പുനർജന്മം എടുക്കുന്നു. അതിനാൽ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മുകളിലേയ്ക്ക് പോകണം. മുഖം ആ ഭാഗത്തേയ്ക്കും, കാലുകൾ ഈ ഭാഗത്തേയ്ക്കുമായിരിക്കണം. പിന്നീട് ഈ ഭാഗത്തേയ്ക്ക് എന്തിനാണ് മുഖം തിരിക്കുന്നത്. പറയുന്നു ബാബാ തെറ്റ് സംഭവിച്ചു, മുഖം ആ ഭാഗത്തേയ്ക്കായി. എങ്കിൽ തലതിരിഞ്ഞവരായി മാറും.

നിങ്ങൾ ബാബയെ മറന്ന് ദേഹാഭിമാനികളായി മാറുമ്പോൾ തലതിരിഞ്ഞവരാകുന്നു. ബാബ എല്ലാം പറഞ്ഞുതരുകയാണ്. ബാബയോട് ശക്തി നൽകൂ ബലം നൽകൂ എന്നു പറഞ്ഞ് ഒന്നും യാചിക്കേണ്ടതില്ല. ബാബ വഴി പറഞ്ഞുതരികയാണ്- യോഗബലത്തിലൂടെ ഇങ്ങനെയായി മാറണം. നിങ്ങൾ യോഗബലത്തിലൂടെ ഇത്രയും വലിയ ധനികരായി മാറുകയാണ് അതായത് 21 ജന്മങ്ങളിലേയ്ക്ക് ഒരിയ്ക്കലും ആരിൽനിന്നും ഒന്നും യാചിക്കേണ്ടിവരില്ല. ബാബയിൽ നിന്നും അത്രയും എടുക്കുന്നു. മനസ്സിലാക്കുന്നുണ്ട് ബാബ അളവില്ലാത്ത സമ്പാദ്യം ചെയ്യിക്കുന്നു, പറയുന്നു എത്ര ആഗ്രഹിക്കുന്നുവോ അത്രയും എടുക്കൂ. ഈ ലക്ഷ്മീ നാരായണന്മാരാണ് ഏറ്റവും വലുത്. പിന്നീട് എന്ത് ആഗ്രഹിക്കുന്നുവോ അത് എടുക്കൂ. പൂർണ്ണമായി പഠിക്കുന്നില്ലെങ്കിൽ പ്രജയായി മാറും. പ്രജകളേയും തീർച്ചയായും ഉണ്ടാക്കണം. നിങ്ങളുടെ മ്യൂസിയം മുന്നോട്ട് പോകുമ്പോൾ അനവധിയാകും പിന്നീട് നിങ്ങൾക്ക് വലിയ വലിയ ഹാളുകൾ ലഭിക്കും, കോളേജുകൾ ലഭിക്കും, നിങ്ങൾ അതിൽ സേവനം ചെയ്യും. വിവാഹത്തിനുവേണ്ടി നിർമ്മിക്കുന്ന ഹാളുകളും നിങ്ങൾക്ക് തീർച്ചയായും ലഭിക്കും. ശിവഭഗവാൻ പറയുകയാണ്, ഞാൻ നിങ്ങളെ ഇത്രയും പവിത്രമാക്കി മാറ്റും- ഇത് നിങ്ങൾ മനസ്സിലാക്കിക്കൊടുക്കും അപ്പോൾ സൂക്ഷിപ്പുകാരൻ ഹാൾ നൽകും. പറയൂ ഭഗവാന്റെ വാക്കുകളാണ്- കാമം മഹാശത്രുവാണ്, ഇതിലൂടെ ദുഃഖമാണ് നേടിയത്. ഇപ്പോൾ പാവനമായി മാറി പാവനലോകത്തിലേയ്ക്ക് പോകണം. നിങ്ങൾക്ക് ഹാളുകൾ ലഭിച്ചുകൊണ്ടിരി

ക്കും. പിന്നീട് പറയും വളരെ വൈകിപ്പോയി. പിന്നീട് നിറച്ചു തരേണ്ടിവരാൻ ഞാൻ അങ്ങനെ വെറുതേ സ്വീകരിക്കുമോ. കുട്ടികളുടെ ഓരോ രൂപകൊണ്ടാണ് കുളം നിർമ്മിക്കുന്നത്. ബാക്കി എല്ലാവരുടേതും മണ്ണിൽപ്പോകും. ബാബ ഏറ്റവും വലിയ സ്വർണ്ണക്കച്ചവടക്കാരനാണ്. തട്ടാനും അലക്കുകാരനും ശില്പിയും കൂടിയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ബാബ കേൾപ്പിക്കുന്ന സത്യം സത്യമായ കഥ എന്താണോ അത് ശ്രദ്ധയോടെ കേൾക്കുകയും ധാരണ ചെയ്യുകയും വേണം, ബാബയോട് ഒന്നും യാചിക്കരുത്. 21 ജന്മത്തിലേയ്ക്കുള്ള തന്റെ സമ്പാദ്യം ഉണ്ടാക്കണം.

2. തിരിച്ച് വീട്ടിലേയ്ക്ക് പോകണം, അതിനാൽ യോഗബലത്തിലൂടെ ശരീരത്തോടുള്ള ആകർഷണത്തെ ഇല്ലാതാക്കണം. കർമ്മേന്ദ്രിയങ്ങളെ ശീതളമാക്കി മാറ്റണം. ഈ ദേഹത്തിന്റെ അഭിമാനത്തെ ഉപേക്ഷിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

## വരദാനം - ഒരിടത്തിരുന്ന് അനേകാത്മാക്കളുടെ സേവനം ചെയ്യുന്ന ലൈറ്റ്-മൈറ്റ്സമ്പന്നരായി ഭവിക്കൂ.

ഏത് പോലെ ലൈറ്റ് ഹൗസ് ഒരു സ്ഥാനത്ത് നിന്ന് ദൂരെ ദൂരെ സേവനം ചെയ്യുന്നു അത് പോലെ നിങ്ങളെല്ലാവരും ഒരിടത്തിരുന്ന് അനേകരുടെ സേവനത്തിന് നിമിത്തമായിമാറുന്നു ഇതിനായി ലൈറ്റ് മൈറ്റ് സമ്പന്നരായാൽ മാത്രം മതി. മനസും-ബുദ്ധിയും സദാ വ്യർത്ഥ ചിന്തകളിൽ നിന്ന് മുക്തമാകണം, മന്മനാഭവ മന്ത്രത്തിന്റെ സഹജ സ്വരൂപമാണ്-മനസിൽ ശുഭ ഭാവന, ശ്രേഷ്ഠ കാമന, ശ്രേഷ്ഠ വൃത്തി, ശ്രേഷ്ഠ വൈബ്രേഷൻ എന്നിവയാൽ സമ്പന്നം, എങ്കിൽ ഈ സേവനം സഹജമായി ചെയ്യാൻ സാധിക്കും. ഇത് തന്നേയാണ് മനസാ സേവനം.

## സ്ലോഗൻ - ഇപ്പോൾ നിങ്ങൾ ബ്രാഹ്മണാത്മാക്കൾ മൈറ്റാകൂ മറ്റാത്മാക്കളുടെ മൈക്കാകൂ.